**കേരള ഫീഡ്സ് ലിമിറ്റഡ്**
**(ഒരു കേരള സർക്കാർ സ്ഥാപനം)**
**കല്ലേറ്റും കര, തൃശ്ശൂർ ജില്ല.**
**പിൻ 680 683**
**ഫോൺ : 0480-2720179,2720192,2725294,2723685**
**ഫാക്സ് : 04802720194**

KFL/2293/16/2025 5th May 2025

കേരളാഫീഡ്സ് കല്ലേറ്റുംകര യൂണിറ്റിലെ 32 മീറ്റർ ഉയരം വരുന്ന ബോയ്‌ലർ ചിമ്മിനിയുടെ 5 മീറ്റർ നീളമുള്ള 2 ട്യൂബുകളും 6 മീറ്റർ നീളമുള്ള 2 ട്യൂബുകളും ക്രെയ്ൻ ഉപയോഗിച്ച് മാറ്റി 6 മീറ്റർ (3എണ്ണം), 4 മീറ്റർ (1 എണ്ണം) നീളമുള്ള 4 പുതിയ ട്യൂബുകൾ ക്രെയ്ൻ ഉപയോഗിച്ച് പിടിപ്പിക്കുന്നതിന് വേണ്ടി ഇത്തരം ജോലികൾ ചെയ്ത് പരിചയമുള്ള വ്യക്തികളിൽ നിന്നോ/സ്ഥാപനങ്ങളിൽ നിന്നോ ദർഘാസ് വഴി ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | | |
|---|---|---|
| *ദർഘാസ് ഫോറത്തിന്റെ വില* | : | *1000/* (GST *അടക്കം*) |
| *നിരതദ്രവ്യം (E.M.D)* | : | *3,000 രൂപ* |
| ദർഘാസ് സമർപ്പിക്കേണ്ട | | |
| അവസാന തീയതി | : | 20.05.2025 ഉച്ചക്ക് 2.00 മണി |
| ദർഘാസ് തുറക്കുന്ന തീയതി | : | 20.05 2025 ഉച്ചക്ക് 2.30 മണി |

ചിമ്മിണിയെക്കുറിച്ചുള്ള സാങ്കേതിക വിവരണം :

| | | |
|---|---|---|
| *മൊത്തം പൊക്കം* | : | *32 മീറ്റർ* |
| *ട്യൂബുകളുടെ എണ്ണം* | : | *5 nos* |
| *ട്യൂബുകളുടെ നീളം* | : | *10 മീറ്ററിന്റെ (1എണ്ണം), 5 മീറ്ററിന്റെ (2എണ്ണം), 6 മീറ്ററിന്റെ (2എണ്ണം)* |
| മാറ്റേണ്ട ട്യൂബുകളുടെ എണ്ണം | : | 6 മീറ്റർ വീതം 6 mm കനമുള്ള 2 ട്യൂബുകൾ (ഏറ്റവും മുകളിലത്തെ രണ്ടെണ്ണം), 5 മീറ്റർ വീതം 8 mm കനമുള്ള 2 ട്യൂബുകൾ (മുകളിലിൽ നിന്ന് 3,4) (മൊത്തം 22 മീറ്റർ) |
| പുതിയ ട്യൂബുകളുടെ നീളം | : | 8 mm കനവും 6 മീറ്റർ നീളവുമുള്ള 2 ട്യൂബുകൾ<br>6 mm കനവും 6 മീറ്റർ നീളവുമുള്ള 1 ട്യൂബ്<br>6 mm കനവും 4 മീറ്റർ നീളവുമുള്ള 1 ട്യൂബ് (മൊത്തം 22 മീറ്റർ) |

***ദർഘാസ് ഫോറം കമ്പനി വെബ്സൈറ്റായ www.keralafeeds.com - ൽ നിന്നും ലഭ്യമാണ്.*** ദർഘാസ് ഫോറത്തിന്റെ വില, നിരതദ്രവ്യം എന്നിവ അടച്ച രസീത് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ് അല്ലാത്തപക്ഷം ക്വട്ടേഷൻ നിരസിക്കുന്നതായിരിക്കും. കേരളാഫീഡ്സ് ജീവനക്കാരോ, ലോഡിംങ്/അൺലോഡിംങ് ജീവനക്കാരോ ഈ ദർഘാസിൽ പങ്കെടുക്കാൻ പാടുള്ളതല്ല. ഇതുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങൾക്കും പ്രൊഡക്ഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെടേണ്ടതാണ്.

**ഒപ്പ്**
***മാനേജിംഗ് ഡയറക്ടർ.***

# കേരളാഫീഡ്സ് ലിമിറ്റഡ്
## കല്ലേറ്റുംകര 680 683

---

**ബോയ്‌ലർ ചിമ്മിനിയുടെ ട്യൂബുകൾ മാറ്റുന്നതിന്**

---

Tender No. TDR/KFL/2293/16/2025

**കേരള ഫീഡ്സ് ലിമിറ്റഡ്**

**കല്ലേറ്റുംകര,** തൃശ്ശൂർ, പിൻ – 680 683

ഫോൺ – 0480-2720192, 2720179


5th May 2025

**ദർഘാസിൽ പങ്കെടുക്കുന്നതിനുള്ള ക്ഷണം**

*കേരളാഫീഡ്സ് കല്ലേറ്റുംകര യൂണിറ്റിലെ 32 മീറ്റർ ഉയരം വരുന്ന ബോയ്ലർ ചിമ്മിനിയുടെ 5 മീറ്റർ നീളമുള്ള 2 ട്യൂബുകളും 6 മീറ്റർ നീളമുള്ള 2 ട്യൂബുകളും ക്രെയ്ൻ ഉപയോഗിച്ച് മാറ്റി 6 മീറ്റർ (3 എണ്ണം), 4 മീറ്റർ (1 എണ്ണം) നീളമുള്ള 4 പുതിയ ട്യൂബുകൾ ക്രെയ്ൻ ഉപയോഗിച്ച് പിടിപ്പിക്കുന്നതിന് വേണ്ടി ഇത്തരം ജോലികൾ ചെയ്ത് പരിചയമുള്ള വ്യക്തികളിൽ നിന്നോ/സ്ഥാപനങ്ങളിൽ നിന്നോ ദർഘാസ് വഴി ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.*

| | |
|---|---|
| **ദർഘാസ് നമ്പർ** | : **KFL/2293/16/2025** |
| **നിരതദ്രവ്യം**(രൂപ) | : **3000 രൂപ /-** |
| **ദർഘാസ് ഫോറത്തിന്റെ വില**(രൂപ): | **1000 /- *(GST ഉൾപ്പെടെ)*** |
| **കരുതൽ നിക്ഷേപം** | : കരാർ തുകയുടെ 3 ശതമാനം |
| **ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി** | : **20.05. 2025** ഉച്ചക്ക് 2.00 മണി |
| **ദർഘാസ് തുറക്കുന്ന തീയതി** | : **20.05.2025** ഉച്ചക്ക് 2.30 മണി |

## ദർഘാസ് സമർപ്പിക്കുന്നതിനുള്ള നിബന്ധനകൾ

1. **നിരതദ്രവ്യത്തെ സംബന്ധിച്ച്**

1. ദർഘാസ് സമർപ്പിക്കുന്ന കരാറുകാരൻ 3000/-രൂപ നിരതദ്രവ്യമായി നൽകേണ്ടതാണ്. നിരതദ്രവ്യം സമർപ്പിക്കാത്ത ദർഘാസുകൾ കമ്പനി പരിഗണിക്കുന്നതല്ല.
2. ദർഘാസിൽ കരാർ ലഭിക്കാത്തവർക്ക് നിരതദ്രവ്യത്തുക മടക്കി നൽകുന്നത് ദർഘാസ് ലഭിച്ചയാൾക്ക് വർക്ക് ഓർഡർ നൽകിയ ശേഷമായിരിക്കും.
3. കരാർ ലഭിച്ച കരാറുകാരന്റെ നിരതദ്രവ്യം കരുതൽ ധനമായി മാറ്റാവുന്നതാണ്.
4. നിരതദ്രവ്യത്തിന് കമ്പനി പലിശ നൽകുന്നതല്ല.

2. **യോഗ്യതയ്ക്കുള്ള മാനദണ്ഡങ്ങൾ**

1. കുറഞ്ഞത് 30 മീറ്റർ ഉയരമുള്ള ചിമ്മിനി പുതിയതായി സ്ഥാപിച്ചോ, മാറ്റിയോ ഉള്ള മുൻപരിചയം ഉണ്ടായിരിക്കേണ്ടതാണ്.

3. **ദർഘാസിനൊപ്പം കരാറുകാരൻ സമർപ്പിക്കേണ്ട രേഖകൾ**

1. മുൻപരിചയം തെളിയിക്കുന്നതിനുള്ള രേഖകൾ
2. നിരതദ്രവ്യം, ദർഘാസ് ഫോറം എന്നിവ അടച്ച രസീതിന്റെ പകർപ്പ്
3. ജി.എസ്.ടി രെജിസ്ട്രേഷന്റെ പകർപ്പ് (ഉണ്ടെങ്കിൽ)
4. പാൻ കാർഡിന്റെ പകർപ്പ്
5. സത്യവാങ്മൂലം (അനുബന്ധം – 2)

4. **നിരക്കിനെ സംബന്ധിച്ച്** (അനുബന്ധം – 1)

1. നിരക്കുകൾ കോട്ട് ചെയ്യേണ്ടത് ക്രെയിൻ വാടക ഉൾപ്പെടെ ആയിരിക്കണം
2. **കരാറുകാരനെ (L1) നിശ്ചയിക്കുന്നത് മൊത്തം തുകയുടെ** (GST ഉണ്ടെങ്കിൽ ഉൾപ്പെടെ) **കുറവിന്റെ അടിസ്ഥാനത്തിലായിരിക്കും**
3. നിരക്കുകൾ നൽകേണ്ടത് പി.എഫ്, ഇസ്.ഐ ഉൾപ്പെടെ എല്ലാ നികുതികളും, ജി.എസ്.ടി ഉൾപ്പെടെ ഏതൊക്കെ ടാക്സുകളും ആവശ്യമാണോ അതെല്ലാം ഉൾപ്പെടെയുള്ള നിരക്കായിരിക്കണം നൽകേണ്ടത്.

5. **കരാറിന്റെ കാലാവധി**

കരാറുകാരൻ വർക്ക് പൂർത്തിയാക്കേണ്ടത് കരാർ നിബന്ധന അനുസരിച്ചായിരിക്കണം. വർക്ക് നടത്തേണ്ട തിയ്യതിയും കാലാവധിയും കത്ത് മുഖാന്തിരം അറിയിക്കുന്നതാണ്. കത്തിൽ പറഞ്ഞിരിക്കുന്ന തിയ്യതി മുതൽ 48 മണിക്കൂറിനകം വർക്ക് പൂർത്തിയാക്കേണ്ട താണ്. കത്തിൽ പറഞ്ഞിരിക്കുന്ന കാലാവധിക്കുള്ളിൽ വർക്ക് പൂർത്തിയാക്കുവാൻ കരാ

റുകാരന് കഴിഞ്ഞില്ലെങ്കിൽ, കരാറുകാരനിൽ നിന്നും പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കുന്നത് **ഡെപ്യൂ. മാനേജർ (പ്രൊഡക്ഷൻ)** ആയിരിക്കും.

6. **കരുതൽ ധനം**

1. വർക്ക് ഓർഡർ കൈ പറ്റി വർക്ക് തുടങ്ങുന്നതിനു മുമ്പ് കരുതൽ ധനമായി കരാർ തുകയുടെ 3 ശതമാനം തുക അടക്കേണ്ടതാണ്. ഈ തുക ഗ്യാരണ്ടി കാലാവധി തീരുന്ന മുറയ്ക്ക് തിരികെ നൽകുന്നതായിരിക്കും. കരാറുകാരുടെ നിരതദ്രവ്യം കരുതൽ ധനത്തിലേക്ക് മാറ്റാവുന്നതാണ്.
2. കരുതൽ ധനത്തിന് കമ്പനി പലിശ നൽകുന്നതല്ല.

7. **പ്രതിഫലത്തെ സംബന്ധിച്ച്**

1. വർക്ക് തൃപ്തികരമായി പൂർത്തിയാക്കിയതിനു ശേഷം ബിൽ സമർപ്പിച്ച് 10 ദിവസത്തിനകം നിയമാനുസൃതമായ തുകകളും Liquidated Damage ഉണ്ടെങ്കിൽ കരാർ തുകയുടെ പരമാവധി 10 ശതമാനം വരെയുള്ള തുകയും കിഴിവു വരുത്തിയതിനു ശേഷം നൽകുന്നതായിരിക്കും.
2. കരാറുകാരന്റെ വീഴ്ചമൂലം വർക്ക് പൂർത്തീകരിക്കുന്നതിനുണ്ടാകുന്ന കാലതാമസം കമ്പനിയുടെ ഉത്പാദനത്തെ ബാധിക്കുകയാണെങ്കിൽ Liquidated Damage ഇനത്തിൽ പരമാവധി 10 ശതമാനം വരെ കിഴിവുവരുത്തുന്നതാണ്.

8. **മെയിൻെറനൻസും ഗ്യാരണ്ടിയും**

1. ജോലികൾ പൂർത്തീകരിച്ചതിന് ശേഷം എല്ലാവിധ ജോലികൾക്കും കരാറുകാരൻ ആറ് മാസത്തെ ഗ്യാരണ്ടി തരേണ്ടതാണ്.
2. ഗ്യാരണ്ടി കാലാവധിയ്ക്കുള്ളിൽ ഏതെങ്കിലും തരത്തിലുള്ള കേടുപാടുകൾ ഉണ്ടാകുന്ന പക്ഷം കരാറുകാരൻ സ്വന്തം ചിലവിൽ കമ്പനി പറഞ്ഞ സമയപരിധിക്കുള്ളിൽ ശരിയാക്കി തരേണ്ടതാണ്.
3. കരാറുകാരൻ കേടുപാടുകൾ ശരിയാക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ കമ്പനി ആ ജോലി ചെയ്യിക്കുകയും അതിനു ചിലവാകുന്ന തുക കരാറുകാരൻെറ, കരുതൽ ധനത്തിൽ നിന്നോ മറ്റ് എതെങ്കിലും സ്രോതസ്സിൽ നിന്നോ ഈടാക്കുന്നതാണ്. ഇതിനുള്ള അധികാരം കമ്പനിക്കുണ്ടായിരിക്കും.
4. ഗ്യാരണ്ടി കാലാവധിയിൽ ഏതെങ്കിലും തരത്തിൽ ജോലിചെയ്യേണ്ടി വരുകയോ, സാധനസാമഗ്രികൾ മാറ്റേണ്ടിവരുകയോ, ശരിയാക്കുകയോ ചെയ്യേണ്ടി വന്നാൽ, മാറ്റം വരുത്തിയ തിയ്യതി അല്ലെങ്കിൽ ശരിയാക്കിയ തിയ്യതി മുതൽ ഗ്യാരണ്ടി കാലാവധി ഒരു മാസമോ നിലവിലുള്ള ഒരു മാസമോ ഏതാണോ അവസാനം വരുന്നത് അന്നുവരെ ഗ്യാരണ്ടി ഉണ്ടായിരിക്കുന്നതാണ്.

## 9. ദർഘാസിനെ സംബന്ധിച്ച വിശദവിവരങ്ങൾ

1. വർക്കിനെ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം (1) ൽ വിവരിച്ചിരിക്കുന്നു
2. ഏറ്റവും പുതിയ ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് പ്രകാരം ഗുണനിലവാരത്തിലും നിയമാവലിക്കും അനുസൃതമായിരിക്കണം കരാറുകാരൻ ജോലികൾ പൂർത്തിയാക്കേണ്ടത്.
3. കരാറുകാരന് ക്വട്ടേഷൻ നൽകുന്നതിനു മുൻപായി ജോലി ചെയ്യേണ്ട സ്ഥലവും പരിസരവും സന്ദർശിക്കുകയും പരിശോധിക്കുകയും ചെയ്യേണ്ടതാണ്. കരാർ ഉറപ്പിച്ചതിന് ശേഷം കരാർ തുകയിൽ പുനഃപരിശോധനയോ വർദ്ധനവ് വരുത്തോനോ സാധിക്കുന്നതല്ല.
4. എല്ലാവിധ നിർമ്മാണ വസ്തുക്കളുടെ സ്ഥാനം, ഉയരം, അളവ്, ചേർച്ച എന്നിവയുടെ കൃത്യതയും ജോലിയുടെ ഗുണനിലവാരവും ഉറപ്പുവരുത്തേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വമാണ്.
5. കമ്പനിയുടെയോ കമ്പനി നിയോഗിക്കുന്ന പ്രതിനിധികളുടെയോ നിർദ്ദേശാനുസരണത്തോടെയും അംഗീകാരത്തോടെയും ജോലികൾ കരാറുകാരൻ നടപ്പിലാക്കേണ്ടതാണ്.
6. വർക്ക് പൂർത്തീകരിക്കുന്നതിനാവശ്യമായ പണിസാധനങ്ങൾ കരാറുകാരൻ കൊണ്ടുവരേണ്ടതാണ്. വർക്ക് പൂർത്തിയാക്കിയതിനു ശേഷം പരിസരം വൃത്തിയാക്കേണ്ടതും കേടുവന്ന് മാറ്റിയ എല്ലാവിധ വസ്തുക്കളും കമ്പനി നിർദ്ദേശിക്കുന്ന സ്ഥലത്തേയ്ക്ക് നീക്കി ഇടേണ്ടതും കരാറുകാരന്റെ ഉത്തരവാദിത്വമാണ്.
7. വർക്ക് പൂർത്തിയാക്കുന്നതിനാവശ്യമായ പൈപ്പുകൾ, ഇരുമ്പുവടം ഫാസ്റ്റ്നേഴ്സ്, ഒഴിച്ചുള്ള എല്ലാ വസ്തുക്കളും കരാറുകാരൻ ഏർപ്പെടുത്തേണ്ടതാണ്.
8. കരാറിൽ സൂചിപ്പിച്ച എല്ലാ ജോലികളും ചെയ്യുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം കരാർ റദ്ദാക്കപ്പെടുന്നതിനും കരുതൽ ധനം കണ്ടുകെട്ടുന്നതിനും പുറമെ കമ്പനിക്കുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് കരാറുകാരനിൽ നിന്നും പിഴ ഈടാക്കുന്നതും ആകുന്നു.

## 10. അപകടങ്ങളെ സംബന്ധിച്ച്

ജോലി സ്ഥലത്തുണ്ടാകുന്ന അപകടങ്ങൾക്ക് ഉത്തരവാദിത്വം കരാറുകാരൻ മാത്രമായിരിക്കും. കരാറുകാരനോ അയാൾ ഏർപ്പെടുത്തുന്ന തൊഴിലാളിക്കോ സംഭവിക്കുന്ന അപകടങ്ങൾക്കും മറ്റും കമ്പനി യാതൊരു ഉത്തരവാദിത്വവും ഏറ്റെടുക്കുന്നതല്ല. ജോലി സമയത്തുണ്ടാകുന്ന സുരക്ഷാ വീഴ്ച്ചകൾക്കും അതുമൂലം സംഭവിക്കുന്ന അപകടങ്ങൾക്കും, നാശനഷ്ടങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയാണ് കമ്പനിയ്ക്ക് ഇതിൽ യാതൊരു ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല. കരാർ ഉറപ്പിച്ചുകിട്ടുന്ന കരാറുകാരൻ ഇതു സംബന്ധിച്ച് ഒരു Under taking 200 രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ ഒപ്പുവച്ച് നൽകേണ്ടതാണ്. മേൽ പറഞ്ഞ കാര്യങ്ങൾ മൂലം ഏതെങ്കിലും രീതിയിലുള്ള നാശനഷ്ടങ്ങൾ കമ്പനിയ്ക്കൊ, കമ്പനിയിലെ ജീവനക്കാർക്കൊ,

കരാറുകാരൻെറ ജീവനക്കാർക്കൊ, മറ്റേതെങ്കിലും ആളുകൾക്കൊ ഉണ്ടാകുകയാണെങ്കിൽ കരാറുകാരൻ അതിനുള്ള നഷ്ട പരിഹാരം നൽകേണ്ടതാണ്. കരാറുകാരന്റെ തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ നൽകേണ്ടതും, ജോലി സമയത്ത് സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും കരാറുകാരന്റെ ഉത്തരവാദിത്വമായിരിക്കും കൂടാതെ കരാറുകാരൻ തൊഴിലാളികൾക്ക് അവശ്യമായ രെജിസ്ട്രഷൻ, ഇൻഷൂറൻസ് കവറേജ് എന്നിവ എടുക്കേണ്ടതും കേരള സംസ്ഥാന സർക്കാരുകളുടെ നിയമപ്രകാരമുള്ള തൊഴിലാളി ക്ഷേമ നിധി ഫണ്ടുകൾ യഥാസമയം അടക്കേണ്ടതുമാണ്.

## 11. പൊതുവായ മാനദണ്ഡങ്ങളും നിബന്ധനകളും

1. കേരള ഫീഡ്സിലെ ജീവനക്കാരൊ, ലോഡിംഗ് അൺലോഡിംഗ് വിഭാഗത്തിലെ ജീവനക്കാരൊ അവരുടെ അടുത്ത ബന്ധുക്കളോ ദർഘാസിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല.
2. കരാറുക്കാരന്റെ ജോലികളിൽ നേരിട്ടോ അല്ലാതെയോ പങ്കെടുക്കുന്ന എല്ലാ ജോലിക്കാരുടെയും ആരോഗ്യം, വേതനം, സുരക്ഷ,വെൽഫെയർ, നഷ്ടപരിഹാരം എന്നിവയെ സംബന്ധിച്ചുള്ള കേന്ദ്ര സംസ്ഥാന സർക്കാരുടെയും മറ്റ് ചട്ടപ്രകാരമുള്ള മറ്റ് ഏജൻസികൾ എന്നിവയുടെയും നിയമങ്ങൾ കരാറുക്കാരൻ നിർബന്ധമായും പാലിക്കേണ്ടതാണ്.
3. ടെണ്ടർ നടപടിക്രമങ്ങൾക്കുള്ള സമയം പരിഗണിച്ചുകൊണ്ട് ദർഘാസ് തുറന്നതിനു ശേഷം 90 ദിവസത്തേക്ക് തന്നിരിക്കുന്ന ദർഘാസുകൾക്ക് സാധുതയുണ്ടായിരിക്കേണ്ടതാണ്.
4. ദർഘാസിലെ വ്യവസ്ഥകൾ ഭേദഗതി വരുത്തുന്നതിനും കൂട്ടി ചേർക്കുന്നതിനും നീക്കം ചെയ്യുന്നതിനും ദർഘാസ് ഭാഗികമായോ പൂർണ്ണമായോ റദ്ദാക്കുന്നതിനും നിരക്കുകൾ സംബന്ധിച്ച് ദർഘാസുകാരുമായി കൂടിയാലോചന നടത്തുന്നതിനുമുള്ള അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും. ഇത്തരണത്തിൽ കരാറുകാരന് യാതൊരുവിധ നഷ്ടപരിഹാരത്തിനും അവകാശമുണ്ടായിരിക്കുന്നതല്ല.
5. കമ്പനിയിൽ ജോലി ചെയ്യുന്ന കരാറുകാരന്റെ തൊഴിലാളികളുമായി കേരളാഫീഡ്സ് ലിമിറ്റഡിന് തൊഴിൽ ദാതാവ്, തൊഴിലാളി എന്ന ബന്ധമുണ്ടായിരിക്കുന്നതല്ല. കരാറുകാരന്റെ തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾക്ക് (ഇ.എസ്.ഐ, പി.എഫ് മുതലായവ) കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതും അതിലെന്തെങ്കിലും വീഴ്ച വരുത്തുന്ന പക്ഷം ആനുപാതികമായ തുക കരാറുകാരനിൽ നിന്നും കമ്പനി ഈടാക്കുന്നതായിരിക്കും. കമ്പനി ആവശ്യപ്പെടുന്ന പക്ഷം കരാറുകാരന്റെ തൊഴിലാളികളുടെ നിയമപരമായ എല്ലാ പണമിടപാടുകളുടെയും രേഖകൾ ഹാജരാക്കേതാണ്.
6. കരാർ തൊഴിലാളികളുടെ സുരക്ഷിതത്വം കരാറുകാരനിൽ നിക്ഷിപ്തമാണ്. കമ്പനിയിൽ ജോലി ചെയ്യുമ്പോൾ സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന രീതിയിലുള്ള സുരക്ഷാസംവിധാനങ്ങൾ (ബെൽറ്റ് മുതലായവ) നൽകേണ്ടതും, ജോലിക്കാർക്കുണ്ടാകുന്ന പരിക്കുകൾക്കും മറ്റും കരാറുകാരൻ ബാധ്യസ്ഥനാണ്. ജോലി സ

മയത്ത് സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും കരാറുകാരന്റെ ഉത്തരവാദിത്വമായിരിക്കും. ജോലിക്കാർക്കുണ്ടാകുന്ന പരിക്കുകൾക്കും മറ്റും കരാറുകാരൻ ബാധ്യസ്ഥനാണ്.

7. കോൺട്രാക്ട് (ലേബർ റെഗുലേഷൻ & അബോളിഷൻ) ആക്റ്റിലെയും Minimum Wages Actലേയും വ്യവസ്ഥകളും പാലിക്കേണ്ടതു് കരാറുകാരന്റെ ബാധ്യതയാകുന്നു. അതുപോലെ മറ്റു ബാധകമായ തൊഴിൽ നിയമങ്ങളും, വ്യവസ്ഥകളും, ചട്ടങ്ങളും പാലിക്കുവാൻ കരാറുകാരന് ബാധ്യതയുണ്ട്.

8. ദർഘാസ് ഭാഗികമായോ പൂർണ്ണമായോ സ്വീകരിയ്ക്കുന്നതിനും നിരസിക്കുന്നതിനുമുള്ള അന്തിമ അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. നിരക്കുകൾ സംബന്ധിച്ച് ദർഘാസുകാരുമായി കൂടിയാലോചന നടത്താനുള്ള അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

9. കരാറുകാരന്റെ പ്രവൃത്തികൾ തൃപ്തികരമല്ലാത്ത പക്ഷം മുന്നറിയിപ്പ് കൂടാതെ തന്നെ കരാർ റദ്ദ് ചെയ്യുന്നതും അടങ്കൽ തുക കണ്ടുകെട്ടുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും. പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ഒരു മാസത്തിൽ കുറയാത്ത കാലയളവിൽ നോട്ടീസു നല്കി കരാർ അവസാനിപ്പിക്കുന്നതിനും കമ്പനിക്ക് അധികാരമുണ്ടായിരിക്കും.

10. പ്രസ്തുത കരാറിനെ സംബന്ധിക്കുന്ന എല്ലാ നിയമപരമായ നടപടികളുടെയും പരിധി ഇരിങ്ങാലക്കുട മുൻസിഫ് കോടതിയിലായിരിയ്ക്കും.

***ഒപ്പ്***

**മാനേജിംഗ് ഡയറക്ടർ**

*Annexure I*

**വർക്കിനെ സംബന്ധിച്ച വിശദവിവരങ്ങൾ**

1. ചിമ്മിനിയെ വശങ്ങളിലേക്ക് കെട്ടിയിരിക്കുന്ന റോപ്പുകൾ (4 എണ്ണം) അഴിച്ചുമാറ്റുക.
2. ഏറ്റവും മുകളിലുള്ള canopy അഴിച്ചുമാറ്റുക.
3. വശങ്ങളിൽ പിടിപ്പിച്ചിരിക്കുന്ന ladder, lighting arrestor line, plat form എന്നിവ മാറ്റുക.
4. ഏറ്റവും മുകളിലുള്ള 5 m ന്റെ 2 ട്യൂബുകളും 6 m ന്റെ 2 ട്യൂബുകളും അഴിച്ച് മാറ്റി ക്രെയിൻ ഉപയോഗിച്ച് താഴേക്ക് ഇറക്കുക. (ക്രെയിൻ കൊണ്ടുവരേണ്ടതും വാടക കൊടുക്കേണ്ടതും കരാറുകാരന്റെ ഉത്തരവാദിത്വമാണ്).
5. 16 mm ഷീറ്റ് ഉപയോഗിച്ച് പുതിയ ഫ്ളാഞ്ചുകൾ (3 എണ്ണം) നിർമ്മിക്കുക. കമ്പനി നൽകുന്ന 4 flange കൾ കൂടി ഉപയോഗിച്ച്, മൊത്തം 7 എണ്ണം, പുതിയ പൈപ്പുകളിൽ (4 എണ്ണം) വെൽഡ് (GTWA) ചെയ്ത് പിടിപ്പിക്കുക. (ഒരു പുതിയ 6 mm pipe, 4 meter ൽ മുറിച്ചെടുക്കേണ്ടതാണ്)
6. താഴെ ഇറക്കിയ ട്യൂബുകളിൽ നിന്ന് flange കൾ (7 എണ്ണം) കട്ട് ചെയ്ത് കമ്പനിയെ ഏൽപ്പിക്കേണ്ടതാണ്.
7. Welding നു ശേഷം ട്യൂബുകളുടെ അകവും പുറവും sprayer ഉപയോഗിച്ച് രണ്ട് കോട്ട് പെയിന്റ് ചെയ്യുക (Heat resistant Aluminum paint). കൂടാതെ chimney യുടെ conical portion ഉം 2 കോട്ട് paint ഉം ചെയ്യേണ്ടതാണ്.
8. പുതിയ ട്യൂബുകൾ (4 എണ്ണം) set ചെയ്തതിനു ശേഷം ക്രെയിൻ ഉപയോഗിച്ച് തിരികെ കയറ്റി പിടിപ്പിക്കുക. നിലവിലുള്ള collar സംവിധാനം (4 എണ്ണം) അഴിച്ചെടുക്കേണ്ടതും, കൂടാതെ 2 എണ്ണം പുതിയതായി നിർമ്മിക്കേണ്ടതും ഇവ ട്യൂബുകളിൽ പിടിപ്പിക്കേണ്ടതുമാണ്.
9. Ladder, lighting arrestor line, plat form, lighting arrestor canopy എന്നിവ തിരികെ പിടിപ്പിക്കുക.
10. ഇരുമ്പു വടം (4 എണ്ണം) ഉപയോഗിച്ച് നാലുവശങ്ങളിലേക്ക് വലിച്ചു കെട്ടുക.

***11. ക്വട്ടേഷൻ നൽകുന്നതിനു മുൻമ്പായി കമ്പനിയിൽ വന്ന് സ്ഥലവും പരിസരവും*** tube ***കളും*** flange ***കളും പരിശോധിക്കേണ്ടതും വർക്ക് തുടങ്ങുന്നതിനു മുമ്പായി ഫ്ളാഞ്ചിന്റെ അളവുകൾ എടുക്കേണ്ടതും കരാറുകാരന്റെ ഉത്തരവാദിത്വമാണ്.***

- ***വർക്കിനാവശ്യമായ ട്യൂബുകൾ (6 മീറ്റർ*** x ***4 എണ്ണം), ഫ്ളാഞ്ചുകൾ നിർമ്മിക്കാനുള്ള 16***mm ***ഷീറ്റ്, ഫാസ്റ്റേനേഴ്സ്, പെയിന്റ് എന്നിവ കമ്പനി നൽകുന്നതാണ്.***

## <u>സാങ്കേതിക വിവരണം :</u>

ചിമ്മിണി :

| | |
|---|---|
| **മൊത്തം പൊക്കം** | : **32** ***മീറ്റർ (നിലവിൽ)*** |
| **ട്യൂബുകളുടെ എണ്ണം** | : **5 nos.** |
| **ട്യൂബുകളുടെ നീളം** | : **10 മീറ്ററിന്റെ (1എണ്ണം), 5 മീറ്ററിന്റെ (2എണ്ണം), 6 മീറ്ററിന്റെ (2എണ്ണം)** |
| **മാറ്റേണ്ട ട്യൂബുകളുടെ എണ്ണം** | : **6 മീറ്റർ വീതം 6 mm കനമുള്ള 2 ട്യൂബുകൾ (ഏറ്റവും മുകളിലത്തെ രണ്ടെണ്ണം), 5 മീറ്റർ വീതം 8 mm കനമുള്ള 2 ട്യൂബുകൾ (മുകളിലിൽ നിന്ന് 3,4)** |
| **പുതിയ ട്യൂബുകളുടെ നീളം** | : **8 mm കനവും 6 മീറ്റർ നീളവുമുള്ള 2 ട്യൂബുകൾ**<br>**6 mm കനവും 6 മീറ്റർ നീളവുമുള്ള 1 ട്യൂബ്**<br>**6 mm കനവും 4 മീറ്റർ നീളവുമുള്ള 1 ട്യൂബ് (മൊത്തം 22 മീറ്റർ)** |

*Annexure - II*

**AFFIDAVIT**

(To be given separately by each constituent firm in the case of Partners / Associates)

1. I, the undersigned do hereby certify that all the statements made in the attachments are true and correct.
2. The undersigned understands and agrees that further qualifying information may be requested, and agrees to furnish any such information at the request of KFL.
3. The undersigned also hereby authorize KFL and their authorized representative to conduct any inquiries or investigation to verify the statements, documents and information submitted in connection with this application, and to seek clarification from our bankers and KFL regarding any finical and technical capability. This will also serve as authorization to KFL representative to contract in person or otherwise, any individual or authorized representative of any institution referred to in the supporting information and obtain such information as may be required by him to verify statements and information provided in this application, or with regard to the resources, experience and competence.
4. The undersigned understands that furnishing of false information could result in my disqualification.
5. The undersigned also hereby commit that I am not a KFL Employee / Loading / Unloading worker. I also Iam not an immediate relative of any of the above mentioned people.

(Signed by an Authorized Signatory of the Bidder) --------------------

Title of Officer

--------------------

Name of Bidder **:**

Date **:**

*Annexure - III*

## ദർഘാസ് ഫോറം

സ്വീകർത്താവ്,

മാനേജിംങ് ഡയറക്ടർ
കല്ലേറ്റുംകര
തൃശ്ശൂർ 680 683

സർ,

ദർഘാസ് നോട്ടീസ് പ്രകാരം ചിമ്മിനിയുടെ ട്യൂബുകൾ മാറ്റുന്നതിനും അനുബന്ധ ജോലികൾ ചെയ്യുന്നതിനുമുള്ള നിരക്ക് ഞാൻ / ഞങ്ങൾ സമർപ്പിക്കുന്നു.

| ക്രമ നമ്പർ | വർക്ക് | തുക |
|---|---|---|
| 1. | ട്യൂബുകൾ മാറ്റുന്നതിനും അനുബന്ധ ജോലികൾ ചെയ്യുന്നതിനു വേണ്ടി | |
| 2. | ക്രെയിൻ വാടക | |
| | GST (ഉണ്ടെങ്കിൽ) | |
| | **മൊത്തം തുക (**GST ഉൾപ്പെടെ (ഉണ്ടെങ്കിൽ) | |

(അക്കത്തിൽ ........................................................................................................................)

വിശ്വസ്തതയോടെ

സ്ഥലം : 	പേര് :

തിയ്യതി : 	ഒപ്പ് :